## വിവരാവകാശം - മറുപടി

നമ്പർ:E8-17994/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 31.05.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീ. ഹരിലാൽ. കെ.വി
ലാൽ ഭവൻ,
ലാബ് ലൈൻ, വയ്യേറ്റ്,
വെഞ്ഞാറമൂട്. പി.ഒ.,
തിരുവനന്തപുരം - 695 607.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ 16.05.2017 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ താങ്കൾ ആവശ്യപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

1. പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൻ കീഴിൽ 29 ഓഫീസുകൾ ഉണ്ട്. പട്ടിക ഉള്ളടക്കം ചെയ്യുന്നു.
2. പാലക്കാട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൻ കീഴിൽ 11 സർക്കാർ വാഹനങ്ങളും 11 ഡ്രൈവർ തസ്തികകളും നിലവിലുണ്ട്.
3. പാലക്കാട് ജില്ലയിലെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്. പദ്ധതിയിൽ സ്ഥിരം ഡ്രൈവർമാർ വിരമിക്കുന്നവേളയിൽ ടി തസ്തികകൾ പി.എസ്.സി. മുഖാന്തിരം നിയമനം നടത്താറില്ല. ഇത്തരം ഒഴിവുകളിൽ ദിവസവേതന ജീവനക്കാരെ നിയമിക്കുന്നു.
4. ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും, കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം പി.എസ്.സി. മുഖേന നിയമനം നടത്താൻ കഴിയാത്ത കാര്യാലയങ്ങളിൽ താൽക്കാലിക ഡ്രൈവർമാരെ നിയോഗിക്കാറുണ്ട്.

5. തസ്തിക ഉണ്ടെങ്കിലും പി.എസ്.സി. മുഖാന്തിരം നിയമനം നടത്താൻ കഴിയാത്ത 4 ഒഴിവുകൾ ഉണ്ട്.

6. 11 സർക്കാർ വാഹനങ്ങളും 11 ഡ്രൈവർ തസ്തികയും അനുവദിച്ചിട്ടുള്ളതിൽ 7 സ്ഥിരം ഡ്രൈവർമാർ ജോലി ചെയ്തു വരുന്നു.

7. പാലക്കാട് ജില്ലയിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും പി.എസ്.സി. മുഖാന്തിരം നിയമനം നടത്താൻ കഴിയാത്ത 4 ഡ്രൈവർ തസ്തികകൾ ഉണ്ട്.

8. ഡ്രൈവർ തസ്തികയിൽ ഒഴിവുണ്ടായിട്ടും പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിന് കേന്ദ്രസർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള തസ്തികകൾ അബോളിഷ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

9. പാലക്കാട് ജില്ലയിൽ 3 സർക്കാർ വാഹനങ്ങളിൽ താൽക്കാലിക ഡ്രൈവർമാർ ജോലി നോക്കി വരുന്നു.

10.,11. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ഡ്രൈവർ തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ ഇല്ല.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ എന്ന മേൽ വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്.എൽ. ശ്യാംശങ്കർ**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**& സീനിയർ സൂപ്രണ്ട്**
**സാമൂഹ്യനീതി വകുപ്പ്.**

2/06/12

PL